"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് - എറണാകുളം പുളിന്താനം ഗവ. യു.പി.എസ് പ്രധാനാധ്യാപികയായ ശ്രീമതി അനീസ മുഹമ്മദിന്റെ എയ്ഡഡ് സ്കൂളിൽ തസ്തികയില്ലാതെ പുറത്തു നിന്ന 15.07.1993 മുതൽ 09.08.1999 വരെയുള്ള കാലയളവ് നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.6104/2025/GEDN തീയതി,തിരുവനന്തപുരം, 01-09-2025

പരാമർശം:- 1) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 11.09.2024 ലെ ആർ2/7706/2024/ഡി.ജി.ഇ നമ്പർ കത്ത്.

2) സ.ഉ (പി)നം.07/2022/പൊ.വി.വ തീയതി 20.06.2022

3) സ.ഉ (പി)നം.16/2024/പൊ.വി.വ തീയതി 03.06.2024.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ പുളിന്താനം ഗവ. യു.പി.എസ് ലെ പ്രധാനാദ്ധ്യാപികയായ ശ്രീമതി അനീസ മുഹമ്മദിന്റെ എയ്ഡഡ് സേവന കാലയളവിൽ 19.09.1991 മുതൽ ബ്രോക്കൺ സർവീസ് ആരംഭിക്കുകയും, 01.06.1992 ൽ റെഗുലർ തസ്തികയിൽ തുടരുകയും, എന്നാൽ 14.07.1993-ന് തസ്തിക നഷ്ടപ്പെടുകയും, പിന്നീട് 15.07.1993 മുതൽ 09.08.1999 വരെ വിവിധ അവധി ഒഴിവുകളിൽ SIUPS കല്ലൂരിലും, LPS വാലച്ചിറയിലും സേവനം അനുഷ്ഠിക്കുകയും ചെയ്തിട്ടുള്ളതാണ്. തുടർന്ന് 10.08.1999 മുതൽ തുടർച്ചയായ എയ്ഡഡ് സേവനം ആരംഭിച്ച് 04.06.2004 വരെ സേവനത്തിൽ തുടരുകയും 05.06.2004-ന് സർക്കാർ സ്കൂളിൽ പി.ഡി. ടീച്ചറായി നിയമനം ലഭിക്കുകയും ചെയ്തിട്ടുള്ളതാണെന്നും ടി ഹ്രസ്വകാല നിയമനങ്ങൾ ഉൾപ്പെടുത്തി ഓപ്ഷന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് 01.03.2006-ന് ഹയർ ഗ്രേഡ് അനുവദിച്ചിട്ടുള്ളതുമാണ്. ടിയാളുടെ എയ്ഡഡ് സ്കൂൾ സേവനകാലയളവിൽ 10.08.1999-ന് തുടർച്ചയായ സേവനം ആരംഭിക്കുന്നതിന് മുമ്പ് 5 വർഷത്തിലധികം സർവീസ് ബ്രേക്ക് ഉണ്ടായിട്ടുള്ളത്, 30.09.1974 ലെ GO(MS) 190/74/GEDN ഉത്തരവ് പ്രകാരം സേവനഭംഗം മാപ്പാക്കുന്നതിനുള്ള ഉത്തരവ് പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും വാങ്ങേണ്ടതായിരുന്നതിനാൽ, 15.07.1993 മുതൽ 09.08.1999 വരെയുള്ള കാലയളവ് പരാമർശം (3) ഉത്തരവ് പ്രകാരം നോൺ ഡ്യൂട്ടി ആയി ക്രമീകരിച്ച ശേഷം, 5 വർഷത്തിലധികം സർവീസ് ബ്രേക്ക് മാപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുളിന്താനം ഗവ. യു.പി. സ്കൂളിൽ പ്രധാനാധ്യാപികയായ ശ്രീമതി.അനീസ മുഹമ്മദ് 01.06.1992 മുതൽ 14.07.1993 വരെ എയ്ഡഡ് സ്കൂളിൽ റഗുലർ തസ്തികയിൽ തുടർന്നിരുന്നതിനാൽ, തസ്തികയില്ലാതെ പുറത്തു നിന്ന 15.07.1993

മുതൽ 09.08.1999 വരെയുള്ള കാലയളവ്, പരാമർശം (2), (3) സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിക്കുന്ന പ്രകാരം നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ANIL KUMAR D

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

(ശ്രീമതി.അനീസ മുഹമ്മദിന്റെ സേവന പുസ്തകം സഹിതം)

വിദ്യാഭ്യാസ ഉപഡയറക്ടർ, എറണാകുളം.

മാനേജർ/പ്രധാനാദ്ധ്യാപിക, SIUPS, കലൂർ, എറണാകുളം

മാനേജർ,/പ്രധാനാദ്ധ്യാപിക, LPS, വാലച്ചിറ, എറണാകുളം.

ശ്രീമതി അനീസ മുഹമ്മദ്, പ്രധാനാധ്യാപിക, ഗവ. യു.പി.എസ്, പുളിന്താനം, എറണാകുളം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് [No. EDN-A1/10/2025-FIN (E:3024794)]

നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by

Shajahan. S

Date: 01-09-2025 16:37:49

സെക്ഷൻ ഓഫീസർ